പൊതുവിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

EX. IX/ 002305/HSE/2017

തിയതി : 19/01/2021

സർക്കുലർ

വിഷയം;- പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി തുല്യതാ പരീക്ഷ
മേയ് 2021 - വിജ്ഞാപനം പ്രസിദ്ധീകരിച്ചത് - സംബന്ധിച്ച്

2019 ഡിസംബറിൽ ഒന്നാം വർഷ തുല്യതാപരീക്ഷ എഴുതിയവർക്കുള്ള രണ്ടാം വർഷ പരീക്ഷ, തുല്യതാപരീക്ഷയിൽ പരാജയപ്പെട്ടവരുടെ പരാജയപ്പെട്ട വിഷയങ്ങളുടെ രണ്ടാം വർഷ സപ്ലിമെന്ററി പരീക്ഷ എന്നിവയും ഒന്നാം വർഷ പഠനം പൂർത്തിയാക്കിയ പഠിതാക്കളുടെ ഒന്നാം വർഷ തുല്യതാ പരീക്ഷയും 2021 മേയ് 3, 4, 5, 6, 7, 8 എന്നീ തീയതികളിൽ കേരളത്തിലെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്നതാണ്.

പരീക്ഷാഫീസ് (റഗുലർ)

ഒന്നാം വർഷം - 600/- രൂപ (1x100x6)

രണ്ടാം വർഷം (പ്രാക്ടിക്കൽ ഇല്ലാത്ത കോമ്പിനേഷൻ) - 600/- രൂപ (1x100x6)

രണ്ടാം വർഷം (പ്രാക്ടിക്കലുള്ള കോമ്പിനേഷൻ) - 700/- രൂപ (1x100x6+100)

പരീക്ഷാഫീസ് (സപ്ലിമെന്ററി)

പേപ്പർ ഒന്നിന് 500/- രൂപ വീതം

സർട്ടിഫിക്കറ്റ് ഫീസ്

ഒന്നാം വർഷം - 100/- രൂപ

രണ്ടാം വർഷം - 150/- രൂപ (മൈഗ്രേഷൻ 50/- രൂപ ഉൾപ്പടെ)

സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് - 100/- രൂപ

പിഴയില്ലാതെ ഫീസടയ്ക്കേണ്ട അവസാന തീയതി - 05/03/2021

20/- രൂപ പിഴയോടുകൂടി ഫീസടയ്ക്കേണ്ട അവസാന തീയതി - 09/03/2021

1000/- രൂപ സൂപ്പർഫൈനോടുകൂടി ഫീസടയ്ക്കേണ്ട അവസാന തീയതി -12/03/2021

രജിസ്ട്രേഷൻ കേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർ അപേക്ഷ സീകരിച്ച് പരീക്ഷാഫീസ്, സർട്ടിഫിക്കറ്റ് ഫീസ് എന്നിവ ഹയർ സെക്കന്ററി പരീക്ഷാസെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരത്തെ ശാന്തിനഗർ എസ്.ബി.ഐ ബ്രാഞ്ചിൽ മാറത്തക്കവണ്ണം **ഒറ്റ ഡിമാന്റ് ഡ്രാഫ്റ്റായി** സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് ലഭ്യമാക്കുന്നതാണ്. നോട്ടിഫിക്കേഷന്റെ പൂർണ്ണ രൂപം ഹയർ സെക്കന്ററി പോർട്ടലിൽ (www.dhsekerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
സെക്രട്ടറി,
ബോർഡ് ഓഫ് ഹയർസെക്കന്ററി
എക്സാമിനേഷൻസ്, കേരള.

പകർപ്പ്;-
തുല്യതാ പരീക്ഷാ രജിസ്ട്രേഷൻ കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക്
ഹയർസെക്കന്ററി പോർട്ടൽ മുഖാന്തിരം